ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 29.06.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്രമോദി ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' ഇന്ന്.

   **Prime Minister Narendra Modi will share his thoughts with the people of the country and abroad in the Mann Ki Baat programme on Akashvani today.**

2. ബഹിരാകാശ നിലയത്തിലെത്തിയ ശുഭാംശു പുതുയുഗത്തിന് തുടക്കം കുറിച്ചതായി പ്രധാനമന്ത്രി; ഇന്ത്യയെ പ്രതിനിധീകരിക്കുന്നതിൽ അഭിമാനമെന്ന് ശുഭാംശു.

   **PM Modi said, Shubhanshu's journey marks the auspicious beginning of a new era; Shubhanshu said that he is feeling proud to represent India.**

3. മുല്ലപ്പെരിയാർ ഡാം ഇന്ന് തുറക്കും; ജലനിരപ്പ് 136 അടി കവിഞ്ഞു; പെരിയാറിൻ്റെ ഇരുകരകളിലും ഉള്ളവർക്ക് ജാഗ്രതാ നിർദ്ദേശം.

   **Mullaperiyar dam to be opened today; Water level crosses 136 feet; People on both banks of Periyar advised to be vigilant.**

4. രാജ്യത്ത് സാമൂഹിക സുരക്ഷാ പരിരക്ഷ 19 ൽ നിന്ന് 64 ശതമാനമായെന്ന് അന്താരാഷ്ട്ര തൊഴിൽ സംഘടന.

   **India's social security coverage has increased from 19 per cent in 2019 to 64 per cent in 2025.**

5. കൊൽക്കത്ത ലോ കോളേജിൽ വിദ്യാർത്ഥിനി കൂട്ടബലാത്സംഗത്തിനിരയായ സംഭവത്തിൽ വ്യാപക പ്രതിഷേധം.

   **Widespread protest over the gang rape of a student at a Kolkata Law College.**

6. സ്മൃതി മന്ദാനയുടെ സെഞ്ച്വറിക്കരുത്തിൽ ഇംഗ്ലണ്ടിനെതിരായ വനിത T20 പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യക്ക് ജയം.

**Smriti Mandhana's century helped India win the first match of the women's T20 series against England.**

&&&&&&&&&&&&&&&&&&

## HEAD LINE – 1

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' ഇന്ന് രാവിലെ 11 ന് പ്രക്ഷേപണം ചെയ്യും. പരിപാടിയുടെ 123-ാം പതിപ്പാണിത്. ഹിന്ദി പ്രക്ഷേപണം കഴിഞ്ഞാലുടൻ പ്രാദേശിക ഭാഷകളിൽ 'മൻ കീ ബാത്' കേൾക്കാവുന്നതാണ്. ആകാശവാണി, ദൂരദർശൻ, ആകാശവാണി ന്യൂസ് വെബ്സൈറ്റ്, ന്യൂസ് ഓൺ എയർ മൊബൈൽ ആപ്പ് എന്നിവയിലൂടെ പരിപാടി തത്സമയം കേൾക്കാം. ആകാശവാണി ന്യൂസ്, ഡിഡി ന്യൂസ്, പിഎംഒ, വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയം എന്നിവയുടെ യൂട്യൂബ് ചാനലുകളിലും പ്രക്ഷേപണമുണ്ടാകും.

&&&&&&&&&&&&&&&&&&

## HEAD LINE – 2

## PM - SHUBHANSHU SHUKLA (INTRO)

അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലുള്ള ഇന്ത്യൻ ബഹിരാകാശ സഞ്ചാരി ശുഭാൻശു ശുക്ലയുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്നലെ സംവദിച്ചു. പുതിയൊരു യുഗത്തിനാണ് ശുഭാൻശു തുടക്കം കുറിച്ചതെന്ന് പ്രധാനമന്ത്രി പറഞ്ഞു. ശുഭാൻശുവിന് ലഭിച്ച അപൂർവമായ അവസരത്തിന് അദ്ദേഹം അഭിനന്ദനം രേഖപ്പെടുത്തി. ബഹിരാകാശ പരീക്ഷണങ്ങൾ ഭാവിയിൽ കൃഷിക്കോ ആരോഗ്യ മേഖലയ്ക്കോ ഗുണം ചെയ്യുമോ എന്നും ശ്രീ മോദി ചോദിച്ചു.

(ബൈറ്റ് - നരേന്ദ്ര മോദി)

ഇന്ത്യയെ പ്രതിനിധീകരിക്കുന്നതിൽ അഭിമാനം ഉണ്ടെന്ന്
പറഞ്ഞ  ക്യാപ്റ്റൻ ശുക്ല ഭൂമിയിലെയും ബഹിരാകാശത്തെയും സാഹചര്യങ്ങളിലെ വ്യത്യാസങ്ങളെ കുറിച്ച് വിശദീകരിച്ചു. ബഹിരാകാശത്ത് നടത്തുന്ന  പരീക്ഷണങ്ങൾ ഭൂമിയ്ക്ക് വലിയതോതിൽ ഗുണം ചെയ്യുമെന്നും അദ്ദേഹം വ്യക്തമാക്കി. (ഹോൾഡ് വോയിസ് )

&&&&&&&&&&&&&&&&&&

## VICE PRESIDENT

ഭരണഘടനയുടെ ആത്മാവാണ് അതിന്റെ ആമുഖമെന്നും അത് മാറ്റാൻ കഴിയില്ലെന്നും ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ. അടിയന്തരാവസ്ഥയിൽ ജനങ്ങളുടെ സ്വാതന്ത്ര്യം കവർന്നെടുത്ത ഘട്ടത്തിലാണ് ഇന്ത്യൻ ഭരണഘടനയിൽ മാറ്റം വരുത്തിയതെന്ന് ന്യൂഡൽഹിയിൽ നടന്ന ഒരു പുസ്തക പ്രകാശന ചടങ്ങിൽ  അദ്ദേഹം പറഞ്ഞു. ആമുഖത്തിൽ മാറ്റം വരുത്തിയത് ഭരണഘടനാ ശിൽപികളുടെ ആശയങ്ങളെ അട്ടിമറിക്കുന്നതിന് തുല്യമാണെന്ന് ശ്രീ ധൻഖർ വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## TELANGANA – AMIT SHAH

ദേശീയ മഞ്ഞൾ ബോർഡിന്റെ ഉദ്ഘാടനം കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് തെലങ്കാനയിലെ നിസാമാബാദിൽ നിർവ്വഹിക്കും.  ബോർഡിന്റെ ഔദ്യോഗിക ലോഗോയും അദ്ദേഹം പ്രകാശനം ചെയ്യും. നിസാമാബാദിലെ ജനപ്രിയ നേതാവായ ഡി ശ്രീനിവാസിന്റെ പ്രതിമയും ഷാ അനാച്ഛാദനം ചെയ്യും. നിസാമാബാദിൽ നടക്കുന്ന കർഷക റാലിയെ കേന്ദ്ര മന്ത്രി അഭിസംബോധന ചെയ്യും.  ഹൈദരാബാദിൽ ബിജെപി സംസ്ഥാന നേതാക്കളുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തും.

&&&&&&&&&&&&&&&&&&

## PM – VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദി അടുത്ത മാസം 2 മുതൽ, അഞ്ചു രാജ്യങ്ങളിൽ ഔദ്യോഗിക സന്ദർശനം നടത്തും. ഘാന, ട്രിനിഡാഡ് ആൻഡ് ടൊബാഗോ, അർജന്റീന, ബ്രസീൽ, നമീബിയ

എന്നിവിടങ്ങളിലാണ് പ്രധാനമന്ത്രിയുടെ എട്ട് ദിവസത്തെ സന്ദർശനം.

&&&&&&&&&&&&&&&&&&

## HEAD LINE – 5

## WB - GANG RAPE UPDATE

പശ്ചിമ ബംഗാളിൽ, കൊൽക്കത്ത ലോ കോളേജിൽ വിദ്യാർത്ഥിനി കൂട്ടബലാത്സംഗത്തിനിരയായ കേസിലെ നാലാം പ്രതിയെ പോലീസ് അറസ്റ്റ് ചെയ്തു. കോളേജിലെ സുരക്ഷാ ജീവനക്കാരനായ ഇയാളെ ഇന്നലെയാണ് പിടികൂടിയത്. ഇതോടെ അറസ്റ്റിലായവരുടെ എണ്ണം നാലായി. പ്രധാന പ്രതികളായ മനോജിത് മിശ്ര, പ്രോമിത് മുഖർജി, സായിദ് അഹമ്മദ് എന്നിവരെ നേരത്തെ അറസ്റ്റ് ചെയ്തിരുന്നു. സംഭവത്തിൽ പ്രതിഷേധിച്ച് കോളേജിലേക്ക് ബിജെപി നടത്തിയ മാർച്ച് പോലീസ് തടഞ്ഞത് സംഘർഷത്തിനിടയാക്കി. സംസ്ഥാന അധ്യക്ഷൻ സുകാന്ത മജുംദാറുൾപ്പെടെ ഒട്ടേറെ നേതാക്കളെ കസ്റ്റഡിയിലെടുത്തു. അസിസ്റ്റന്റ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള പ്രത്യേക സംഘമാണ് കേസന്വേഷിക്കുന്നത്. സംഭവത്തെക്കുറിച്ച് അന്വേഷിക്കാൻ ബിജെപി ദേശീയ അധ്യക്ഷൻ ജെ പി നഡ്ഡ നാലംഗ സമിതിയെ നിയോഗിച്ചു.

&&&&&&&&&&&&&&&&&&

## DELHI ARTIFICIAL RAIN

വായു മലിനീകരണം ചെറുക്കുന്നതിനായി കൃത്രിമ മഴ പെയ്യിക്കാനുള്ള സംരംഭവുമായി ഡൽഹി സർക്കാർ. ഇതിന്റെ ഭാഗമായി ജൂലൈ 4 നും 11 നും മധ്യേ ക്ലൗഡ് സീഡിംഗ് പ്രവർത്തനങ്ങൾ നടക്കും. ഡൽഹി പരിസ്ഥിതി മന്ത്രി മഞ്ജീന്ദർ സിംഗ് സിർസയാണ് ഇക്കാര്യം പ്രഖ്യാപിച്ചത്. കാൺപൂർ ഐഐടി സാങ്കേതിക ഏകോപനം നിർവ്വഹിക്കും.

&&&&&&&&&&&&&&&&&&

## HEAD LINE – 4

## MANDAVYA-SOCIAL SECURITY (INTRO)

കഴിഞ്ഞ പത്തു വർഷത്തിനിടെ സാമൂഹിക സുരക്ഷാ പരിരക്ഷയിൽ രാജ്യം ചരിത്രപരമായ നേട്ടം കൈവരിച്ചതായി

കേന്ദ്രമന്ത്രി  മൻസുഖ് മാണ്ഡവ്യ. അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ റിപ്പോർട്ട് പ്രകാരം രാജ്യത്ത് സാമൂഹിക സുരക്ഷാ പരിരക്ഷ 19 ശതമാനത്തിൽ നിന്ന് 64.3 ശതമാനമായെന്നാണ് കണക്കുകൾ. നിലവിൽ രാജ്യത്തുടനീളമുള്ള 94 കോടിയിലധികം ജനങ്ങളിലേക്ക് ഇത് എത്തിയിട്ടുണ്ട്. എല്ലാവരെയും ഉൾക്കൊള്ളുന്ന ഒരു സാമൂഹിക സുരക്ഷാ വലയം സൃഷ്ടിക്കപ്പെട്ടതായും ശ്രീ. മാണ്ഡവ്യ  സമൂഹ മാധ്യമത്തിൽ കുറിച്ചു. സാമൂഹ്യസുരക്ഷാ പരിരക്ഷയിൽ ഇന്ത്യ നടത്തിയ മുന്നേറ്റം അഭിനന്ദനാർഹമാണെന്ന് അന്താരാഷ്ട്ര തൊഴിൽ സംഘടന ഡയറക്ടർ ജനറൽ ഗിൽബർട്ട് ഹുംബോ.
(വോയ്സ്)

&&&&&&&&&&&&&&&&&&

## UNDER-FIVE MORTALITY

അഞ്ച് വയസ്സിൽ താഴെയുള്ള കുട്ടികളുടെ മരണനിരക്കിൽ ഇന്ത്യ 78 ശതമാനം കുറവ് കൈവരിച്ചു. ആഗോളതലത്തിൽ 61 ശതമാനമാണിത്.  രാജ്യത്ത് വാക്സിൻ ലഭിക്കാത്ത കുട്ടികളുടെ ശതമാനം 2023 ൽ 0.11 ശതമാനമായിരുന്നത്  2024 ൽ 0.06 ശതമാനമായി കുറഞ്ഞു. ഏകദേശം മൂന്ന് കോടി ഗർഭിണികൾക്കും 2.6 കോടി ശിശുക്കൾക്കും പ്രതിവർഷം സൗജന്യ പ്രതിരോധ കുത്തിവയ്പ്പ് നൽകിവരുന്നു.  12 രോഗങ്ങൾ തടയാൻ കഴിയുന്ന വാക്സിനുകളാണ് സൗജന്യമായി നൽകുന്നത്.

&&&&&&&&&&&&&&&&&&

## WEATHER KERALA

കേരളത്തിൽ വരും ദിവസങ്ങളിൽ  ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. പത്തനംതിട്ട, കോട്ടയം, ഇടുക്കി,  മലപ്പുറം, വയനാട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്.  കേരള- കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ മീൻപിടിത്തത്തിനു വിലക്കുണ്ട്. ഇവിടങ്ങളിൽ ശക്തമായ കാറ്റിനും സാധ്യത.

&&&&&&&&&&&&&&&&&&

## HEAD LINE – 3

## IDUKKI - MULLAPERIYAR (INTRO)

മുല്ലപ്പെരിയാറിലെ ജലനിരപ്പ് 136 .10 അടിയായി.
ജലനിരപ്പ് നിയന്ത്രിച്ച് നിർത്താനായി ഇന്ന് രാവിലെ മുതൽ ഡാം തുറന്ന് വെള്ളം പുറത്തേക്ക് ഒഴുക്കുമെന്ന് തമിഴ്നാട് നേരത്തെ അറിയിച്ചിരുന്നു.

**വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ....**
**(വോയ്സ്)**

&&&&&&&&&&&&&&&&&&

## CM - KANNUR

മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് കണ്ണൂരിലെ പിണറായിയിൽ പൊതുജനങ്ങളിൽ നിന്ന് നിവേദനം സ്വീകരിക്കും. പിണറായി കൺവെൻഷൻ സെന്ററിലുള്ള മണ്ഡലം ഓഫീസിലാണ് പരിപാടി. പിണറായി പോലീസ് സ്റ്റേഷന് പുതുതായി നിർമ്മിക്കുന്ന കെട്ടിടത്തിൻറെ ശിലാ സ്ഥാപനവും ഇന്ന് രാവിലെ മുഖ്യമന്ത്രി നിർവഹിക്കും. കണ്ണൂർ കൃഷ്ണമേനോൻ സ്മാരക ഗവൺമെൻറ് വനിതാ കോളേജിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങളിൽ നാളെ അദ്ദേഹം പങ്കെടുക്കും.

&&&&&&&&&&&&&&&&&&

## ZUMBA - SHAMSEER

സുംബ ഡാൻസ് ഒരു കാർഡിയാക് വ്യായാമമാണെന്നും ചില യഥാസ്ഥികരുടെ സമ്മർദ്ദത്തിനു സർക്കാരും വിദ്യാഭ്യാസ വകുപ്പും വഴങ്ങേണ്ടതില്ലെന്നും നിയമസഭ സ്പീക്കർ എ.എൻ ഷംസീർ. ഇസ്ലാം പുരോഗമന വീക്ഷണമുള്ള വിശ്വാസമാണെന്നും മതത്തിന്റെ കുപ്പായമണിഞ്ഞ ചില യാഥാസ്ഥികരാണ് വിവാദങ്ങൾ ഉണ്ടാകുന്നതെന്നും ആലപ്പുഴയിൽ ഒരു പരിപാടിയി സംസാരിക്കവെ സ്പീക്കർ വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## HEAD LINE – 6

## CRICKET

ഇംഗ്ലണ്ടിനെതിരായ വനിത T20 പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യക്ക് 97 റണ്ണിന്റെ ഉജ്വല വിജയം. ഇന്ത്യൻ വനിതകൾ ഉയർത്തിയ 211 റൺ വിജയലക്ഷ്യം പിന്തുടർന്ന ഇംഗ്ലണ്ട് 14.5 ഓവറിൽ 113 റണ്ണിന് എല്ലാവരും പുറത്താവുകയായിരുന്നു. ഇന്ത്യക്കായി ശ്രീ ചരണി നാല് വിക്കറ്റുകൾ വീഴ്ത്തി. T20 അന്താരാഷ്ട്ര മത്സരങ്ങളിലെ തന്റെ ആദ്യ സെഞ്ച്വറി നേടിയ സ്മൃതി മന്ദാനയാണ് കളിയിലെ താരം.

&&&&&&&&&&&&&&&&&&

## BADMINTON - US OPEN

US ഓപ്പൺ ബാഡ്മിന്റൺ വനിതാ സിംഗിൾസ് ഫൈനലിൽ കടന്നു ഇന്ത്യയുടെ തൻവി ശർമ്മ.യുക്രൈൻ താരത്തെ നേരിട്ടുള്ള സെറ്റുകൾക്ക് കീഴടക്കിയാണ് 16 കാരിയായ തൻവി കലാശപോരാട്ടത്തിനു യോഗ്യത നേടിയത്.

സ്കോർ : 21-14, 21-16. ഇന്ന് രാത്രി ഇന്ത്യൻ സമയം 8:30 നാണു ഫൈനൽ. യുഎസ്എ യുടെ ബെയ്‌വാൻ ജാങ് ആണ് തൻവി യുടെ എതിരാളി. നിലവിൽ ലോകറാങ്കിങ്ങിൽ 66 ആം സ്ഥാനത്താണ് തൻവി.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&